**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 337** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഐ. . കെ. എം. സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനക്ഷമത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഐ. കെ. എം. മുഖേന തദ്ദേശ സ്വയം ഭരണ വകുപ്പുകളിൽ നടപ്പാക്കുന്ന പൊതുജന സേവനങ്ങൾക്കുള്ള വിവിധ സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഐ.കെ.എം. രൂപകൽപന ചെയ്ത പൊതുജന സേവനങ്ങൾക്കുള്ള സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. പ്രശ്നങ്ങളും പരാതികളും ഉയർന്നു വരുമ്പോൾ യഥാസമയം പരിശോധിച്ച് പരിഹരിച്ചു വരുന്നുണ്ട്. |
| (ബി) | ഇത് കൂടുതൽ ജനസൗഹൃദമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | പഞ്ചായത്തിൽ നിന്നും നൽകി വരുന്ന ഇരുന്നൂറിൽ പരം സേവനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനും ഓൺലൈൻ ആയി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം 2021 സെപ്റ്റംബർ 6 മുതൽ നിലവിൽ വന്നു. പ്രസ്തുത സംവിധാനം മുനിസിപ്പാലിറ്റികൾക്കും കോർപറേഷനുകൾക്കും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വിവിധ സോഫ്റ്റ്‌വെയറുകൾ ജനസൗഹൃദമാക്കാൻ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിച്ചുള്ള മാറ്റങ്ങൾ സമയോചിതമായി സോഫ്റ്റ്‌വെയറിൽ വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ